തികളെക്കുറിച്ചാണെന്നും വിശദമാക്കുന്നതായാൽ, അവക്കു മറുപടി പറയുവാൻ ശ്രമിക്കുന്നതാണു്.

Stipend to Muslim Girls.

97. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—താഴെ എഴുതുന്ന ചോദ്യത്തിനുത്തരം നൽകുവാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമൊ:—

മലയാളം സ്കൂളുകളിലെ മുസ്ലിം വിദ്യാർത്ഥിനികൾക്കു് സ്റ്റൈപ്പൻറു കൊടുക്കാമെന്നു് മുസ്ലിം പ്രതിനിധിയുടെ ചോദ്യത്തിനു ചെയ്ത വാഗ്ദാനമനുസരിച്ചു പ്രവർത്തിക്കാതിരിപ്പാൻ കാരണമെന്തു"?

റാവു സാഹിബ്ബു് മിസ്റ്റർ സി. മത്തായി.—ഗവൺമെണ്ടു് അങ്ങിനെ ഒരു വാഗ്ദാനം ചെയ്തതായി ഓർക്കുന്നില്ല.

Anchal offices not accessible to Depressed Classes.

98. മിസ്റ്റർ പി. സി. ചാണ്ടൻ.—താഴെ കാണുന്ന ചോദ്യത്തിനുത്തരം നൽകുവാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമൊ.—

കൊച്ചിരാജ്യത്തു് അധഃകൃതർക്കു് പ്രവേശനമില്ലാത്ത വല്ല അഞ്ചലാഫീസുകളും ഉണ്ടൊ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നു് സദയം പ്രകാശിപ്പിക്കാമൊ?

രാമവർമ്മ തമ്പുരാൻ.—കൊച്ചി രാജ്യത്തു് അധഃകൃതർക്കു പ്രവേശനമില്ലാത്ത അഞ്ചലാഫീസുകൾ ഒന്നുംതന്നെ ഇല്ല.

മിസ്റ്റർ. പി. സി. ചാണ്ടൻ.—ഇരിങ്ങാലക്കുട അഞ്ചലാഫീസ്സിൽ അധഃകൃതർക്കു പ്രവേശനമുണ്ടൊ?

രാമവർമ്മ തമ്പുരാൻ.—പ്രവേശിക്കാൻ വിരോധമില്ല.

99. മിസ്റ്റർ പി. സി. ചാണ്ടൻ.—താഴെ എഴുതുന്ന ചോദ്യത്തിനു് ഉത്തരം നല്കുവാൻ ഗവൺമെണ്ടിനു" ദയവുണ്ടാകുമൊ:—

കൊച്ചി പുലയമഹാജനസഭാസിക്രട്ടെരി കെ. പി. വള്ളോൻ ഇരിങ്ങാലക്കുട അഞ്ചലാഫീസിൽ സ്റ്റാമ്പു വാങ്ങിക്കുവാൻ ചെന്ന സമയം ആട്ടി പുറത്തു കളഞ്ഞ സംഗതി ബഹുമാനപ്പെട്ട ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പതിഞ്ഞിട്ടുണ്ടൊ; ഉണ്ടെങ്കിൽ അതിനു" എന്തു നിവാരണമാണു് ചെയ്തിട്ടുള്ളതെന്നു സദയം പറയാമൊ?

രാമവർമ്മ തമ്പുരാൻ.—വള്ളോൻ [illegible] ഇതിനെപ്പറ്റി ഒരു ആവലാധി ബോധിപ്പിക്കയുണ്ടായി. അന്വേഷിച്ചതിൽ ടിയാൻ സ്റ്റാമ്പു വാങ്ങുവാനായി അഞ്ചലാഫീസിനകത്തു കടന്ന ഉടൻപടികൾ രജിസ്റ്റർ ചെയ്യുന്ന ഗുമസ്ഥന്റെ മേശയുടെ അരികിൽ ചെന്നു സ്റ്റാമ്പു ചോദിക്കുകയും ഗുമസ്ഥൻ ആഫീസിനകത്തു കടന്നതു് നിയമവിരോധമായെന്നും പുറത്തു ജനൽ വാതുക്കൽ ചെന്നാൽ സ്റ്റാമ്പു വാങ്ങിക്കാമെന്നും പറകയും അപ്പോൾ ടിയാൻ സ്റ്റാമ്പു വാങ്ങിക്കാതെ പുറത്തേക്കു പോയതായും അറിഞ്ഞു. ടി വിവരത്തിനു വള്ളോനു" മറുപടി കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. സി. ചാണ്ടൻ.—മറുപടി കൊടുത്തിട്ടുണ്ടെന്നു പറയുന്നു. ആ മറുപടി എന്താണെന്നു അറിഞ്ഞാൽ കൊള്ളാം.

രാമവർമ്മ തമ്പുരാൻ.—സ്റ്റാമ്പു വാങ്ങിക്കാൻ അകത്തു ചെല്ലാൻ പാടില്ല. പുറത്തുനിന്നു ചോദിച്ചു വാങ്ങേണ്ടതാണു്. അകത്തു ചെന്നതു് തെറ്റായിപ്പോയി എന്നാണു. മറുപടി.

മിസ്റ്റർ പി. സി. ചാണ്ടൻ.—രണ്ടാമത്തെ ആക്ഷേപം കൊടുത്തതായി വല്ല അറിവും ഉണ്ടൊ?

രാമവർമ്മ തമ്പുരാൻ.—അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly